കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി8/919/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 07/10/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ./ പി8/919/2024 തീയ്യതി: 07/10/2024

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ

വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ അനിൽകുമാർ റ്റി.	ഡെപ്യൂട്ടി ഡയറക്ടർ	21-08-2024	02-09-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-08-2024	02-09-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ മുഹമ്മദ് സലിം റ്റി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അരുൺ പി.ബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി നിഷ റ്റി.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ബിനോയ് സി.എസ്.	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ സുമേഷ് കുമാർ വി.	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അപർണ്ണ കെ.എ.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി അനിതകുമാരി എം.റ്റി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ഡോ. മഞ്ചിമ പൗലോസ്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2023	31-03-2024
ഡോ. ജിസ് മേരി എ.പി.	ആയുർവേദ മെഡിക്കൽ ഓഫീസർ	01-04-2023	31-03-2024
ഡോ. ഷീജാ ബീഗം	ഹോമിയോ മെഡിക്കൽ ഓഫീസർ	01-04-2023	31-03-2024
ഡോ. ശ്രീകാർത്തിക	വെറ്ററിനറി സർജ്ജൻ	01-04-2023	31-03-2024

ശ്രീമതി രഞ്ജു രാധാകൃഷ്ണൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ ഒബി ആർ.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി ശിൽപ പ്രദീപ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി ധന്യ എ.	കൃഷി ഓഫീസർ	01-04-2023	09-10-2023
ശ്രീമതി ലതാ മേരി തോമസ്	കൃഷി ഓഫീസർ	10-10-2023	08-01-2024
ശ്രീ അമൽ സുരേഷ്	കൃഷി ഓഫീസർ	09-01-2024	11-01-2024
ശ്രീമതി സമീറ ഷെരീഫ്	കൃഷി ഓഫീസർ	12-01-2024	10-03-2024
ശ്രീമതി ലതാ മേരി തോമസ്	കൃഷി ഓഫീസർ	11-03-2024	31-03-2024
ശ്രീമതി രമ്യ മോൾ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	11-08-2023
ശ്രീമതി സുമയ്യ കെ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	09-06-2023	11-08-2023
ശ്രീ ജിജേഷ് വി.സി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	17-08-2023	31-08-2023
ശ്രീമതി പ്രിൻസി പി.സി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	21-08-2023	31-03-2024

ശ്രീമതി ഷിഫാന എസ്. സത്താർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-09-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-3
5	ഗുണഭോക്തൃവിഹിതത്തിന്റെ നീക്കിയിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കുന്നതിന് രേഖകൾ ഇല്ല	1-1-4
6	ലൈഫ് മിഷൻ ലോൺ തെറ്റായ തുക ഉൾപ്പെടുത്തി	1-1-5
7	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-1-6
8	Capital Work In Progress-നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കുന്നതിന് രേഖകൾ സൂക്ഷിച്ചിട്ടില്ല	1-1-7
9	ഡിപ്പോസിറ്റ് പ്രവൃത്തികളുടെ നീക്കിയിരിപ്പിന്റെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഗ്രാന്റ് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	ദേശീയ തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമ പദ്ധതികൾ	1-7

16	ക്യാഷ് ബാലൻസ് പരിശോധന	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	റേഷൻ കടകൾ ലൈസൻസ് ഫീ/തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല	1-11
20	മൂലധന നിക്ഷേപം പരിശോധിക്കാതെ ലൈസൻസ് ഫീസ് നിശ്ചയിച്ചു	1-12
21	പഞ്ചായത്തിൽ അംഗീകൃത അറവുശാലകൾ സ്ഥാപിച്ചില്ല	1-13
22	പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം - അർഹമായ പിഴ ഈടാക്കിയില്ല	1-14
23	മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വീഴ്ച	1-15
24	അസിസ്റ്റന്റ് എഞ്ചിനിയർ വരവ് ചെലവുകൾ അക്കൗണ്ട് ചെയ്യുന്നില്ല	1-16
25	അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്.	1-17
26	പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഗ്രാമപഞ്ചായത്തിന് ബാദ്ധ്യത 10150864 രൂപ	1-18
27	പ്രൈമറി ഹെൽത്ത്സെന്റർ പ്രവർത്തിക്കുന്നത് സ്കൂൾ കെട്ടിടത്തിൽ	1-19
28	അങ്കണവാടികൾക്ക് കുടിവെള്ളസൗകര്യം-പദ്ധതി പൂർത്തീകരിച്ചില്ല	1-20
29	മുറ്റത്തൊരു മീൻ തോട്ടം - പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമല്ല	1-21
30	ലാപ്ടോപ്പ് വിതരണം ചെയ്യാതെ അവശേഷിക്കുന്നു	1-22
31	ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു	1-23

32	ടോയിലറ്റ് റീട്രോഫിറ്റിംഗ്-മുൻകൂർ തുക കൈപ്പറ്റിയവർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-24
33	ദുരിതാശ്വാസ നിധി നിർജ്ജീവം	1-25
34	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ-അവലോകനം	1-26
35	SSK പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-27
36	മരുന്നുകൾ ലഭിച്ചില്ല	1-28
37	ലൈബ്രറി സെസ്സ് തുക ഒടുക്കാൻ അവശേഷിക്കുന്നു	1-29
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9

10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കലും നിർദ്ദേശങ്ങളും അനുസരിച്ച് 03-07-2024-ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 05-07-2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെൻറ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
07/10/2024

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

നികുതി നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല. വർഷാരംഭത്തിൽ തലേവർഷം വരെയുള്ള ഡിമാന്റുകളും തുടർന്നുണ്ടാകുന്ന

ഡിമാന്റുകൾ എല്ലാ മാസവും രേഖപ്പെടുത്തുന്നില്ല.

1-1-4 ഗുണഭോക്തൃവിഹിതത്തിന്റെ നീക്കിയിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കുന്നതിന് രേഖകൾ ഇല്ല

ഗുണഭോക്തൃ വിഹിതത്തിന്റെ നീക്കിയിരിപ്പ് തുക വാർഷിക കണക്കുകൾ പ്രകാരം 192970 രൂപയാണ്. എന്നാൽ ഈ തുകയുടെ വിശദ വിവരങ്ങൾ പരിശോധനക്ക് ലഭിക്കാത്തതിനാൽ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

1-1-5 ലൈഫ് മിഷൻ ലോൺ തെറ്റായ തുക ഉൾപ്പെടുത്തി

ഷെഡ്യൂൾ B5- Secured Loan- ലൈഫ് മിഷൻ ലോൺ ഇനത്തിൽ തുക എടുത്തിട്ടില്ല. എന്നാൽ പ്രസ്തുത ഹെഡിൽ -357461 എന്ന് ഉൾപ്പെടുത്തിയിരിക്കുന്നത് തെറ്റാണ്.

1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ B-11-Fixed Asset-പ്രസ്തുത ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കുന്ന തിനാവശ്യമായ രീതിയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-1-7 Capital Work In Progress-നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കുന്നതിന് രേഖകൾ സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ B-11 (B) Capital Work In Progress-നീക്കിയിരിപ്പ് തുകയായ 1911715 രൂപയുടെ കൃത്യത പരിശോധിക്കുന്ന തിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-1-8 ഡിപ്പോസിറ്റ് പ്രവൃത്തികളുടെ നീക്കിയിരിപ്പിന്റെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല

ഷെഡ്യൂൾ B-18- KWA, KSEB, PWD എന്നീ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുള്ള മുൻകൂർ തുകയുടെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 22.03.2023 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 14,90,091 രൂപ മുന്നിരിപ്പും 15,92,50,000 രൂപ പ്രതീക്ഷിത വരവും 15,95,35,000 രൂപ പ്രതീക്ഷിത ചെലവും 12,05,091 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 12.02.2024 തീയതിയിലെ 2-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ഗ്രാമപഞ്ചായത്തിന്റ ബജറ്റ് യാഥാർത്ഥ്യബോധത്തോടോയുള്ളതല്ല. ഖണ്ഡിക 1-3-ൽ ഉൾപ്പെടുത്തിയിട്ടുള്ള തൻവഷ വാർഷിക ക്കണക്കിലെ യഥാർത്ഥ തുകകളുമായി ബജറ്റ് തുകകൾക്ക് വലിയ അന്തരമുണ്ട്. പെരുപ്പിച്ച ബജറ്റ് കണക്കുകൾ സ്ഥാപനത്തിലെ ശരിയായ രീതിയിലുള്ള ധനമാനേജ്മെന്റിന്റെ അഭാവത്തെയാണ് സൂചിപ്പിക്കന്നത്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് കണക്കുകൾ തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

	റസിപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്	ഇൻകം & എക്സ്പെൻഡിച്ചർ
മുന്നിരിപ്പ്	7,910,793	
വരവ്	27668675	76,101,398
ആകെ	35,579,468	
ചെലവ്	24,630,244	78,092,155
നീക്കിയിരിപ്പ്	10,949,224	

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക

വികസന ഫണ്ട്-ജനറൽ	ഇല്ല	11441000	11441000	9383677	2057323
വികസന ഫണ്ട്-എസ്.സി.പി	,,	2950000	2950000	2892780	57220
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	2468719	1421000	3889719	1373316	2516403
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)	633277	1895000 (പലിശ)89301	2617578	1572001	1045577
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	ഇല്ല	3071350	3071350	3071350	ഇല്ല
മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ്	,,	1548000	1548000	1540950	7050
ജനറൽ പർപ്പസ് ഫണ്ട്	1161743	6650100	7811843	7162627	649216
സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ടുകൾ					
ലൈഫ് -സംസ്ഥാനം വിഹിതം	147865	3000000	3147865	2700000	447865
ശുചിത്വ മിഷൻ	318297	0	318297	20000	298297
സാക്ഷരത	0	2545	2545	2545	0
ബയോ ഡൈവേഴ്സിറ്റി	71204	4357	75561	8758	66803
ഐ.സി.ഡി.എസ്.	612207	440738	1052945	0	1052945

ഹെൽത്ത് ഗ്രാന്റ് I	146970	701721	848691	213091	635600
ഹെൽത്ത് ഗ്രാന്റ് II	111570	309698	421268	143232	278036
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	6007	12991672	12997679	12994074	3605

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ
ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.

1) ലൈഫ്മിഷൻ ലോൺ തിരിച്ചടവ് (404931) അംഗൻവാടി ഹോണറേറിയം (744600) എന്നീയിനങ്ങളിൽ വികസന ഫണ്ടിൽ നിന്നും ജി.ഒ പ്രോജക്ടുകൾക്കായി സ്രോതസ്സിൽ കുറവ് ചെയ്ത തുക സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെട്ടിട്ടില്ല.
2. ലൈഫ്മിഷൻ ലോൺ തിരിച്ചടവ് (252530) വികസന ഫണ്ടിൽ (Scp) നിന്നും ജി.ഒ പ്രോജക്ടുകൾക്കായി സ്രോതസ്സിൽ കുറവ് ചെയ്ത തുക സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെട്ടിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത്	പദ്ധതി ചെലവ്	നടപ്പാക്കാത്തത്	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
144	60975752	100	25679122	44	72.2

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പദ്ധതികളുടെ	നടപ്പിലാക്കിയ പദ്ധതികളുടെ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം

		എണ്ണം	എണ്ണം			
1	കൃഷി ഓഫീസർ	4	3	1610700	1293503	80.3
2	വെറ്ററിനറി സർജ്ജൻ	6	4	676500	450500	66.5
3	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	10	7	2223777	1135236	51
4	മെഡിക്കൽ ഓഫീസർ, ഹോമിയോ	2	2	250000	250000	100
5	മെഡിക്കൽ ഓഫീസർ, ആയുർവേദം	4	4	515000	469041	91
6	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	19	14	30054525	9652590	32.1
7	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	9	8	2820950	2333166	82.7
8	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	35	24	5656948	3707353	65.5
9	അസിസ്റ്റന്റ് എഞ്ചിനീയർ	42	24	14766912	4992264	33.8
10	ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	605800	363433	59.9
11	അസിസ്റ്റന്റ് സെക്രട്ടറി	10	7	1694640	992036	58.5

12	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	1	1	100000	40000	40
	ആകെ	**144**	**100**	**60975752**	**25679122**	

1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
തൊഴിലാളികളുടെ കൂലി	---	11360546	11360546	11360546	---
ഭരണച്ചെലവ്	6007	1631126	1637133	1633528	3605
ആകെ	**6007**	**12991672**	**12997679**	**12994074**	**3605**

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ക്ഷേമ പദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക
കർഷക തൊഴിലാളി പെൻഷൻ	39	572,800
വിധവാ പെൻഷൻ	533	5,679,400
വാർദ്ധക്യകാല പെൻഷൻ	1446	16,183,800
അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	14	151,400
ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	130	1,526,600

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.08.2024-ന് 12.30 പി.എം-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5897 രൂപയുടെ (അയ്യായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയേഴ് രൂപ) നീക്കിയിരുപ്പ് പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്. ഭരണസമിതി മിനിട്സ് പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പ്രകടിപ്പിച്ചിട്ടുണ്ട്.
എന്നാൽ പദ്ധതി നടത്തിപ്പിൽ ലക്ഷ്യം കൈവരിക്കാനായിട്ടില്ല. ആകെയുള്ള 143 പ്രോജക്ടുകളിൽ 89 എണ്ണം മാത്രമാണ് നിർവ്വഹണം നടത്തിയത്. പ്രോജക്ട് ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല. അസിസ്റ്റന്റ് എഞ്ചിനിയർ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. കരാർ രജിസ്റ്ററിൽ പൂർത്തീകരണ കാലം രേഖപ്പെടുത്തിയിട്ടില്ല.

ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വ്യക്തമല്ല. വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി

പെർഫോമൻസ് ഓഡിറ്റ്	06-07-2022 മുതൽ 07-07-2022 വരെ	01/2022 മുതൽ 03/2022 വരെ	----
അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്	17-02-2014 മുതൽ 03-03-14 വരെ	2008-09 മുതൽ 2012-13 വരെ	24-04-2014

1-11 റേഷൻ കടകൾ ലൈസൻസ് ഫീ/തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട് (ARD Nos. 2,3,4,5,6,7,8,9,11). എന്നാൽ, ഇവ ലൈസൻസ് ഫീ, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഒടുക്കു വരുത്തിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം, പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും നിയമാനുസരണമുള്ള ലൈസൻസ് എടുക്കേണ്ടതും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം, തൊഴിൽ നികുതി ഒടുക്കേണ്ടതുമാണ്. ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ നിന്നും ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിൽ, നിലവിലുള്ള റീടെയിൽ ഡിപ്പോകളെ ഒഴിവാക്കാൻ സാധിക്കുകയില്ല എന്ന് സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22/01/2019-ലെ (സിഎസി) എ9- 764/2019 നമ്പർ കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ റേഷൻ ഷോപ്പുകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് പഞ്ചായത്ത് രാജ് നിയമവും ചട്ടവും പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 മൂലധന നിക്ഷേപം പരിശോധിക്കാതെ ലൈസൻസ് ഫീസ് നിശ്ചയിച്ചു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസിനുള്ള അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ നിർബന്ധമായി

ഉണ്ടായിരിക്കണം. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ, തൻവർഷം ലൈസൻസിനായി സമർപ്പിച്ച മിക്ക അപേക്ഷകളിലും ഇപ്രകാരം അവശ്യം വേണ്ട വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ, പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

1-13 പഞ്ചായത്തിൽ അംഗീകൃത അറവുശാലകൾ സ്ഥാപിച്ചില്ല

17.09.2009-ലെ 1173/ഡി.ബി.എസ്/09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനികവും ശാസ്ത്രിയവുമായ അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമ പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടത് ഗ്രാമപ്പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളൂവെന്ന് നീതിപീഠം ഉത്തരവായിട്ടുണ്ട്. എന്നാൽ, പഞ്ചായത്തിൽ നാളിതുവരെ അറവ് ശാല നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മതിയായ സാധ്യതാ പഠനം നടത്തി ഒന്നിലധികം ഗ്രാമപഞ്ചായത്തുകളോ ത്രിതല പഞ്ചായത്തുകൾ സംയുക്തമായോ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് ഭരണസമിതി സജീവ പരിഗണന നൽകേണ്ടതാണ്.

1-14 പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം - അർഹമായ പിഴ ഈടാക്കിയില്ല

2023-24-ൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും, പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും വ്യക്തമായി. പ്രവൃത്തി സംബന്ധിച്ച വിവരങ്ങളും, കരാറിലെ വ്യവസ്ഥ 7, തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ്

സെക്രട്ടറിയുടെ 18.08.2018 ലെ എസി2/223/2015/തസ്വഭവ നമ്പർ സർക്കുലർ എന്നിവ പ്രകാരം ഈടാക്കേണ്ട പിഴ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തി	അംഗനവാടി ടോയ്ലറ്റ് നിർമ്മാണം (124/24)	കാർമ്മൽ സ്കൂൾ ചേന്നമല റോഡ് മെയിന്റനൻസ് (134/24)
അടങ്കൽ	144120 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	400000 (റോഡ് മെയിന്റനൻസ് ഫണ്ട്)
സാങ്കേതികാനുമതി നമ്പർ	42946/2022-2023	47600/2022-2023
കരാറുകാരൻ	കുര്യൻ വർഗ്ഗീസ്	എം ഹരിഹരൻ
കരാർ	23/AE/LSGD/TPYGP/2022-2023 തിയതി 17.02.2023	10/AE/LSGD/TPYGP/2022-23 തിയതി 31.12.2022
കരാർ തുക	121894	290489
പൂർത്തീകരണ കാലം	6 മാസം (16.8.2023)	4 മാസം (30.04.2023)
പൂർത്തീകരിച്ച തിയതി	18.03.2024	25.03.2024
ഈടാക്കേണ്ട പിഴ	16.11.2023 വരെ 1% Of 121894 = 1218.94 16.02.2024വരെ 2% X 121894 = 2437.88 18.3..2024 വരെ 2% X 121894 X 31/90 = 839.71	31.07.2023 വരെ 1% Of 290489 = 2904.89 31.01.2024വരെ 4% X 290489 = 11619.56 25.04.2024 വരെ 2% X 290489 X 54/90 = 3485.86 വരെ 2% X 177841 X 21/90 = 829.22

ആകെ ഈടാക്കേണ്ട പിഴ	4497 രൂപ	15354 രൂപ
ഈടാക്കിയ പിഴ	0	0
ചെലവ് വിവരം	ആകെ മൂല്യം - 142924 രൂപ ബിൽ നമ്പർ 331/30.03.2024 വൗച്ചർ 22300984/ 31.03.2024	ആകെ മൂല്യം - 231892 രൂപ ബിൽ നമ്പർ 23050952012501548107/25.03.2024 - 83170 രൂപ 24050952012500542327/14.08.24 -148722 രൂപ

പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരിക്കാൻ കരാറുകാരന്റേതല്ലാത്ത കാരണങ്ങൾ ഉണ്ടായതായി കാണുന്നില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനു കരാറുകാരൻ അപേക്ഷ നൽകുകയോ, ഭരണ സമിതി കാലാവധി ദീർഘിപ്പിക്കുന്നതിനു തീരുമാനിക്കുയോ ചെയ്തതതിന്റെ രേഖകൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(7/23.08.2024&8/23.08.2024) എന്നിവക്ക് ഈ രേഖകൾ ലഭ്യമാണെന്നും ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. രേഖകൾ ഹാജരാക്കുകയോ അല്ലാത്തപക്ഷം പിഴ ഈടാക്കി വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ്.

<u>1-15 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വീഴ്ച</u>

അസിസ്റ്റന്റ് എഞ്ചിനിയറുടെ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട പൊതുവായ കണക്കുകൾ ചുവടെ ചേർക്കുന്നു.

1. തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയ പ്രോജക്കുകളിൽ പകുതി മാത്രമാണ് നിർവ്വഹണം നടത്തിയത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 42 പ്രോജക്കുകളിൽ 24 എണ്ണം (57%) മാത്രമാണ് നടപ്പിലാക്കിയത്. ആകെ അടങ്കൽ 14766912 രൂപയുടെ 33.8 ശതമാനമായ 4992264 രൂപ മാത്രമാണ് ചെലവഴിച്ചത്.

2. ആകെയുള്ള 22 സ്പിൽ ഓവർ പ്രോജക്കുകളിൽ 7 എണ്ണം നിർവ്വഹണം നടത്തിയില്ല.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ലെന്നാണ് മേൽ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (10/23.8.2024) ലഭ്യമാക്കിയ മറുപടിയിൽ ഫണ്ടിന്റെ ലഭ്യതക്കുറവും കരാറുകാരുടെ ടെണ്ടറിനോടുള്ള താൽപര്യമില്ലായ്മയും ടാറിംഗ് പ്രവൃത്തികൾ വളരെ ചെറിയ പ്രോജക്ടുകളായതുമെല്ലാമാണ് പ്രോജക്റ്റ് പൂർത്തീകരണത്തിൽ പുരോഗതി കൈവരിക്കുന്നതിനു തടസ്സമാകുന്നത് എന്നറിയിച്ചു. ടെണ്ടർ നടപടികളോടുള്ള കരാറുകാരുടെ പ്രതികരണം പ്രോജക്റ്റ് പുരോഗതിയെ ബാധിക്കുന്നു എന്നാണ് ടെണ്ടർ ഫയലിൽ ലഭ്യമായ വിവരങ്ങളിൽനിന്ന് മനസ്സിലാകുന്നത്. ടെണ്ടർ നമ്പർ 1/2023-24/17.6.2023 പ്രകാരം ടെണ്ടർ ചെയ്ത 6 പ്രവൃത്തികളിൽ ആരും ടെണ്ടർ സമർപ്പിച്ചില്ല. ടെണ്ടർ നമ്പർ 3/2023-24/17.8.2023 പ്രകാരം ടെണ്ടർ/റീ ടെണ്ടർ ചെയ്ത 12 പ്രവൃത്തികളിൽ ഒരു എണ്ണത്തിൽ മാത്രമാണ് ടെണ്ടർ ലഭിച്ചത്. റീ ടെണ്ടറിലും ടെണ്ടർ ലഭിക്കാത്ത 10 പ്രവൃത്തികളിൽ നമ്പർ 125/2023/28.11.2023 പ്രകാരമുള്ള ക്വട്ടേഷൻ വഴി 2 പ്രവൃത്തികൾക്ക് മാത്രമാണ് കരാർ നൽകിയത്. ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതും കരാറുകാരുടെ താൽപര്യക്കുറവും ഉൾപ്പെടെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളിൽ പരിഹാര നടപടികൾ സ്വീകരിച്ച് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.

1-16 അസിസ്റ്റന്റ് എഞ്ചിനിയർ വരവ് ചെലവുകൾ അക്കൗണ്ട് ചെയ്യുന്നില്ല

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് ക്യാഷ് ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin തീയതി-12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ-യിൽ നിലവിലുള്ള കറന്റ് അക്കൗണ്ടിൽ (നമ്പർ 00000037574817050) 1.4.2023-നു 123304.84 രൂപ പ്രാരംഭബാക്കിയും 31.3.2024-നു 150258.24 രൂപ വർഷാന്ത്യ ബാക്കിയും ഉണ്ട്. ഈ അക്കൗണ്ടിൽ ലഭ്യമായ ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിനു കൈമാറിയിട്ടില്ല. തുക യഥാസമയം ഗ്രാമപഞ്ചായത്തിൽ അടവാക്കാത്തതിനാൽ 2022-23, 2023-24 വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക്

അക്കൗണ്ടിൽ ക്രെഡിറ്റായ ടെണ്ടർ ഫീ ഇനത്തിലെ ഗ്രാമപഞ്ചായത്തിന്റെ വരുമാനം വാർഷിക ധനകാര്യപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ക്യാഷ് ബുക്ക് തയ്യാറാക്കാത്തതിനാൽ ഈ തുക അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിലും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/7.8.2024) ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. അസിസ്റ്റന്റ് എഞ്ചിനിയർ ക്യാഷ് ബുക്ക് തയ്യാറാക്കേണ്ടതും എല്ലാ വരവ് ചെലവുകളും അക്കൗണ്ട് ചെയ്യേണ്ടതുമാണ്.

1-17 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ആകെ 17 അങ്കണവാടികളാണുള്ളത്. അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം	7
വാടക രഹിതമായി പ്രവർത്തിക്കുന്നവയുടെ എണ്ണം	4
വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം	6
ടോയ്‌ലറ്റ്, വൈദ്യുതി, കുടിവെള്ളം എന്നിവ ഉള്ളവയുടെ എണ്ണം	17
ചുറ്റുമതിൽ ഉള്ളവയുടെ എണ്ണം	4
ഫിറ്റ്നസ്സ് ഉള്ളവ എണ്ണം	17
സ്മാർട്ട് അങ്കണവാടികളുടെ എണ്ണം	ഇല്ല

നിലവിൽ 6 അങ്കണവാടികൾ വാടകക്കെട്ടിടത്തിൽ പ്രവൃത്തിക്കുന്നുണ്ട്. വകുപ്പിൽനിന്ന് ലഭിക്കുന്ന അലോട്ട്മെന്റ് തികയാത്തത് കാരണം 2023-2024-ൽ വാടക നൽകുന്നതിനുള്ള അധിക വിഹിതമായി വേണ്ട 74500 രൂപ ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് തയ്യാറാക്കി നൽകുകയുണ്ടായി. കൂടാതെ 4 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ല. 31.03.2024 വർഷം ഐ.സി.ഡി.എസ്. സെൻട്രൽ ഫണ്ടിനത്തിൽ 1052945 രൂപ നീക്കിയിരിപ്പ് ഉണ്ട്. സ്വന്തമായി സ്ഥലം, കെട്ടിടം, ചുറ്റുമതിൽ തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികളിൽ ഈ അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കുന്നതിനും

നിലവിലുള്ളവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

1-18 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഗ്രാമപഞ്ചായത്തിന് ബാദ്ധ്യത 10150864 രൂപ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 248 ടാപ്പുകളുടെ കുടിവെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്തിന് നാളിതുവരെയുള്ള ബാദ്ധ്യത 10150864 രൂപയാണ് . കേരള വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും സംയുക്തമായി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുണ്ടായ കാലതാമസവും വാട്ടർ അതോറിറ്റി സമയബന്ധിതായി പരിശോധന റിപ്പോർട്ട് ലഭ്യമാക്കാത്തതുമാണ് ഇത്രയും ഭീമമായ കുടിശ്ശിക ചുമത്തുന്നതിന് കാരണമായത്. സംയുക്തപരിശോധന സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമപഞ്ചായത്തു ഭരണസമിതിയുടെ 31.12.18-9(1), 31.05.21-1(2), 08.11.21-8(4) എന്നീ തീരുമാനങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രവർത്തന രഹിതമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തുന്നതിന് 10.06.19, 31.05.21, 18.11.21 എന്നീ തീയതികളിൽ കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിരുന്നു. ആയതിന്മേൽ KWA സംയുക്ത പരിശോധന 2022 ജനവരിയിൽ ആണ് നടത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് നിരന്തരം ആവശ്യപ്പെട്ടിട്ടും കേരള വാട്ടർ അതോറിറ്റി പരിശോധനക്ക് തയ്യാറാകാത്തതിനാൽ ഗ്രാമപഞ്ചായത്തിന് വെള്ളക്കരമിനത്തിൽ വൻ തുക ഡിമാന്റ് ചുമത്തുന്നതിന് കാരണമായി

2. സംയുക്തപരിശോധന 2022 ജനവരിയിൽ നടന്നതായി കാണുന്നു. എന്നാൽ ഇതിന്റെ അടിസ്ഥാനക്കിൽ ഉപയോഗ ശൂന്യമായ ടാപ്പുകൾ ഒഴിവാക്കി പുതുക്കിയ ഡിമാന്റ് നോട്ടീസ് ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്തിൽ നിന്ന് കത്ത് നൽകിയിട്ടും റിപ്പോർട്ട ലഭ്യമാക്കിയില്ല (കത്ത് നമ്പർ- C4-6001/22 Dtd 30.05.22)

3. 248 ടാപ്പുകളിൽ പ്രവർത്തിക്കാത്ത 20 ടാപ്പുകൾ ജലജീവൻ മിഷനിലുൾപ്പെടുത്തി നീക്കം ചെയ്യിട്ടുള്ളതായും ജലജിവൻമിഷൻ പദ്ധതിയിലുൾപ്പെടുത്തി ഗാർഹിക കണക്ഷൻ നൽകിയിട്ടുള്ള ഭാഗങ്ങളിൽ ഉപയോഗശൂന്യമായി കാണപ്പെട്ട 150 ടാപ്പുകൾ കട്ട് ചെയ്യുന്നതിന് 227976 രൂപയുടെ

എസ്റ്റിമേറ്റ് നൽകുന്നതായും കേരള വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട് (No.PHSP/GL/234 തീയതി 13.06.22) ആയതനുസരിച്ച് സംയുക്ത പരിശോ ധനയിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ 78 ആണെന്ന് വ്യക്തമാകുന്നു. (248-20-150=78) എന്നാൽ 248 ടാപ്പുകളുടെ ഡിമാന്റ് ആണ് വാട്ടർ അതോറിറ്റി നൽകി വരുന്നത്.

4. തനതു വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തായതിനാൽ പൊതുടാപ്പുകളുടെ കട്ടിംഗ് ചാർജ്ജ് ഇനത്തിൽ എസ്റ്റിമേറ്റ് പ്രകാരം ആവശ്യപ്പെട്ട തുക ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഒഴിവാക്കി നൽകുന്നതിന് 30.06.22-ൽ നമ്പർ 400352/GARC08/GPO/2022/874(1) കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. ആയതിന്മേൽ KWA മറുപടി നൽകിയിട്ടില്ല.

5. 2024 ഫെബ്രുവരി വരെ 248 ടാപ്പുകൾക്കാണ് വാട്ടർ ചാർജ്ജ് ചുമത്തിയിട്ടുള്ളത്. അതിനുശേഷം 2024 മാർച്ച് മാസം മുതൽ 164 ടാപ്പുകളുടെ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. 150 ടാപ്പുകൾ കട്ട് ചെയ്യുന്നതിന് 13.06.22-ൽ എസ്റ്റിമേറ്റ് നൽകിയ KWA പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം 164 ആയി നിജപ്പെടുത്തിയത് എപ്രകാരമാണ് എന്ന് വ്യക്തമല്ല.

6. 33 ടാപ്പുകൾ നിലനിർത്തി 131 ടാപ്പുകൾ കട്ട് ചെയ്യുന്നതിന് 272586 രൂപ ആവശ്യപ്പെട്ടതനുസരിച്ച് ആയത് 21-22, 22-23 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ പൈപ്പ് ലൈൻ നീട്ടൽ പദ്ധതികൾ സാങ്കേതിക കാരണങ്ങളാൽ നിർവഹിക്കാതെ വന്നതിനാൽ വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്ത തുകയായ 1139160 രൂപയിൽ നിന്ന് ഈടാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ നിശ്ചയിച്ചതായി കാണുന്നു (KWA 04.03.24 N0 084-21651/2023 (Price3) ഇപ്രകാരം 131 ടാപ്പുകൾ കട്ട് ചെയ്തതിന്റെ വിവരം വാട്ടർ അതോറിറ്റിയിൽ നിന്ന് അറിയിച്ചിട്ടില്ല. ഡിപ്പോസിറ്റ് തുകയിൽ അവശേഷിക്കുന്ന 866574 രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുമില്ല. 2024 മാർച്ച് മാസം വരെയുള്ള കുടിശ്ശിക 10150864 രൂപ ഒടുക്കുന്നതിന് KWA ആവശ്യപ്പെടുകയും അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് 22.03.24-ലെ നമ്പർ A3-3458/23 കത്ത് പ്രകാരം വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തനതു വരുമാനം പൊതുവെ കുറവായ ഗ്രാമപഞ്ചായത്ത് സംയുക്തപരിശോധന നടത്തുന്നതു സംബന്ധിച്ച് 2019 മുതൽ വാട്ടർ അതോറിറ്റിയോട് നിരന്തരം ആവശ്യപ്പെട്ടിട്ടും സമയബന്ധിതമായി പരിശോധന നടത്തുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യാതെ കുടിശ്ശികയിനത്തിൽ ഭീമമായ തുക ഡിമാന്റ്

ചെയ്ത കേരള വാട്ടർ അതോറിറ്റിയുടെ നടപടി ക്രമപ്രകാരമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കുടിശ്ശിക സംബന്ധിച്ച് ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി തീരുമാനമെടുക്കേണ്ടതും ഉചിതമായ നടപടികൾ സ്വീകരിച്ച് തീർപ്പാക്കേണ്ടതുമാണ്.

1-19 പ്രൈമറി ഹെൽത്ത്സെന്ററർ പ്രവർത്തിക്കുന്നത് സ്കൂൾ കെട്ടിടത്തിൽ

ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതിനാൽ 18.08.2003- ലെ എൽ.എസ് 53747/2003/DPI നമ്പർ പ്രകാരം നിർത്തലാക്കിയ കുറിയന്നൂർ ഗവ സ്കൂൾ കെട്ടിടത്തിലാണ് 2005 മുതൽ പ്രവർത്തിക്കുന്നത് (ബ്ലോക്ക് 24 റീസർവ്വെ 255/16-ൽ പെട്ട 33 ആർ) വിദ്യാഭ്യാസ വകുപ്പിന് പിന്നീട് ആവശ്യമയി വന്നാൽ സ്കൂൾ തിരികെ നൽകാം എന്ന കരാറിലാണ് കെട്ടിടം വിട്ടുനൽകിയത് (ഉത്തരവ് നമ്പർ 1113//2004/പൊതുവിദ്യാഭ്യാസ വകുപ്പ്, തീയതി 16.03.04). തുടർന്ന് NRHM ഫണ്ട്, ഗ്രാമപഞ്ചായത്ത് ഫണ്ട് എന്നിങ്ങനെ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് പ്രാഥികാരോഗ്യകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങളും വികസന പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. 2019–20 വർഷം ഹെൽത്ത് സെന്ററിന് ലാബ് കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിക്കുകയും 900000 രൂപ വിനിയോഗിച്ച് കെട്ടിടം പൂർത്തിയാക്കുകയും 18.01.2024-ൽ ലാബ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലവും കെട്ടിടങ്ങളും ഇപ്പോഴും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ്. ഗ്രാമപഞ്ചായത്തിന് പൂർണ്ണമായി വിട്ടുകിട്ടിയിട്ടില്ലാത്തതിനാൽ ഹെൽത്ത് ഗ്രാന്റ് ഉൾപ്പെടെ ലഭ്യമാകുന്ന വിവിധ ഫണ്ടുകൾ അടിസ്ഥാന സൗകര്യങ്ങൾക്കോ വികസന പ്രവർത്തനങ്ങൾക്കോ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/24.08.24) സ്ഥലവും വസ്തുവകകളും ഗ്രാമപഞ്ചായത്തിന് പൂർണ്ണമായി വിട്ടുകിട്ടുന്നതിന് 19.08.24-ൽ സർക്കാരിലേക്ക് കത്ത് നൽകിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 അങ്കണവാടികൾക്ക് കുടിവെള്ളസൗകര്യം-പദ്ധതി പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിന് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി കുഴൽക്കിണർ

നിർമ്മാണത്തിന് 420000 രൂപ ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്. അങ്കണവാടികളുടെ വിവരം ചുവടെ ചേർക്കുന്നു.

അങ്കണവാടി നമ്പർ	സ്ഥലം
90	പനച്ചേരിമുക്ക്
88	കുന്നേക്കാലിൽ
82	ചുവട്ടും പാറ
89	പുളിമുക്ക്
85	പരുത്തിമുക്ക്
87	കുറിയന്നൂർ

പ്രവൃത്തി പൂർത്തീകരിച്ച് ടി അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ലഭ്യമായിട്ടുണ്ടെയെന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/23.08.24) പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 മുറ്റത്തൊരു മീൻ തോട്ടം - പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമല്ല

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 59/24 പ്രകാരം മുറ്റത്തൊരു മീൻ തോട്ടം എന്ന പദ്ധതിയ്ക്കായി പൊതുവിഭാഗം വികസന ഫണ്ട് ഇനത്തിൽ 40,000 രൂപ (ബിൽ നം. 01/22.01.24) ചെലവഴിച്ചിട്ടുണ്ട്. 5 ഗുണഭോക്താക്കൾക്ക് 8000 രൂപ വീതമാണ് സബ്സിഡി അനുവദിച്ച് നൽകിയിട്ടുള്ളത്. മേൽ പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമല്ല. പദ്ധതികളുടെ മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവ്വഹിക്കേണ്ടത്. പദ്ധതി പ്രകാരം ഉദ്ദേശിക്കപ്പെടുന്ന ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെട്ടിട്ടുണ്ടെന്ന് നിരീക്ഷിച്ച് ഉറപ്പുവരുത്തേണ്ടതും ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്. പദ്ധതിയുടെ പൂർത്തീകരണ ശേഷം പദ്ധതി ലക്ഷ്യങ്ങൾ വിലയിരുത്തി

നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും മോണിട്ടറിംഗ് റിപ്പോർട്ട് നൽകേണ്ടത് മോണിട്ടറിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിന് ആവശ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മോണിട്ടറിംഗ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകാവുന്നതുമാണ്. എന്നാൽ മുറ്റത്തൊരു മീൻ തോട്ടം എന്ന പദ്ധതിയുടെ മോണിട്ടറിംഗുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ചിട്ടുള്ള യാതൊരു രേഖകളും പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 03/22.08.2024) റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയത്. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-22 ലാപ്ടോപ്പ് വിതരണം ചെയ്യാതെ അവശേഷിക്കുന്നു

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിന് പ്രോജക്ട് നം. 23/24 പ്രകാരം 1,68,450 രൂപ (ബിൽ നം. 10/26.03.24) പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സ്പെസിഫിക്കേഷനോട് കൂടിയ 5 ലാപ്ടോപ്പുകൾ ജെം പോർട്ടൽ വഴി ഓൺ ലൈൻ ബിഡ്ഡിംഗിലൂടെയാണ് വാങ്ങിയത്. ലാപ്ടോപ്പുകളുടെ വിതരണം സംബന്ധിച്ച രേഖകൾ പ്രകാരം, 4 ലാപ്ടോപ്പുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. 2023-24 വർഷിക പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഒരു ലാപ്ടോപ്പ് നാളിതുവരെ വിതരണം ചെയ്യാതിരുന്നതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/24.08.2024) ലഭ്യമാക്കിയ മറുപടിയിൽ, ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 10 അപേക്ഷകൾ ലഭിച്ചതിൽ 5 പേർ മാത്രമേ അർഹരായി ഉണ്ടായിരുന്നുള്ളുവെന്നും ആയതിലെ ഒരു ഗുണഭോക്താവ് അനുബന്ധ രേഖകൾ ഹാജരാക്കാത്തതിനാലാണ് 1 ലാപ്ടോപ്പ് വിതരണം ചെയ്യാതെ അവശേഷിച്ചതെന്നും വ്യക്തമാക്കി. അപാകത പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച്, അർഹനായ ഗുണഭോക്താവിന് ലാപ്ടോപ്പ് വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-23 ലൈഫ് ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടുകയും, ഭവന നിർമ്മാണത്തിന് ഗഡുക്കളായി തുക കൈപ്പറ്റുകയും ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്നവർ നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ വിവരം	കൈപ്പറ്റിയ തുക	എഗ്രിമെന്റ് വർഷം	നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി
1	വിജയകുമാർ, പ്ലാംചുവട്ടിൽ, തടിയൂർ	40,000		ആർ.ആർ. നടപടിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്
2	ആനന്ദവല്ലി കുഞ്ഞുമോൻ, നടുക്കേപുരയിൽ, മാരാമൺ	40,000	2020-21	നിർമ്മാണവുമായി ബന്ധപ്പെട്ട് കേസ് നിലനിൽക്കുന്നതിനാൽ കോടതി വിധിയ്ക്ക് അനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതാണ്.
3	ഗോപാലൻ, മാലൂർ വീട്, കൊളഭാഗം	3,60,000	2020-21	നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതാണ്.
4	സുമതി എം.കെ, കൊച്ചുമുകളുംപുറത്ത്, പുല്ലാട്	3,50,000	2020-21	നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതാണ്.

ടി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികളുടെ പുരോഗതി വിലയിരുത്തേണ്ടതും നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-24 ടോയിലറ്റ് റീട്രോഫിറ്റിംഗ്-മുൻകൂർ തുക കൈപ്പറ്റിയവർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ ടോയ്ലറ്റ് റീട്രോഫിറ്റിംഗ് എന്ന പദ്ധതിയുടെ ഭാഗമായി (പ്രോജക്ട് നം. 13/23) 4240 രൂപ വീതം മുൻകൂർ തുക കൈപ്പറ്റിയ (1) പെണ്ണമ്മ തങ്കപ്പൻ, കള്ളിപ്പാല ലക്ഷം വീട് കോളനി (2) വസന്ത വിജയൻ, മൂലക്കോണത്ത്, ചിറയിറമ്പ് എന്നീ ഗുണഭോക്താക്കൾ പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ച് മുഴുവൻ സബ്സിഡി തുകയും കൈപ്പറ്റിയിട്ടില്ല. ഈ പദ്ധതി 2023-24 വർഷം സ്പിൽ ഓവറായി നിലനിർത്തിയിട്ടുണ്ട് (പ്രോജക്ട് നം. 115/24). അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/29.08.24) നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ, പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുവാൻ ടിയാളുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പ്രവൃത്തി ഉടൻ തന്നെ പൂർത്തീകരിക്കാമെന്ന് ഇവർ അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർനടപടിയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-25 ദുരിതാശ്വാസ നിധി നിർജ്ജീവം

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാരോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതും ചട്ടം 3(4) പ്രകാരം ദുരിതാശ്വാസ നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി പത്തനംതിട്ട ജില്ലാ സഹകരണബാങ്ക് മാരാമൺ ശാഖയിൽ സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ ചട്ടപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചെങ്കിലും ആയത് സജീവമായി പ്രവർത്തിക്കുന്നില്ല. 2023-24 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 6516 രൂപയാണ് ടി അക്കൗണ്ടിലെ ബാലൻസ് തുക. ദുരിതാശ്വാസ നിധിയിലേക്ക് ധനം

സ്വരൂപിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ഇത് സംബന്ധിച്ച ചട്ടങ്ങളിൽ വിശദമാക്കിയിട്ടുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഇത് കാരണം അടിയന്തിര ധനസഹായം ആവശ്യമായ വ്യക്തികൾക്ക് യഥാസമയം ധനസഹായം ലഭ്യമാക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ദുരിതാശ്വാസ നിധിയിലേക്ക് ധനം സമാഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച്, ഗ്രാമപഞ്ചായത്തിലെ നിർധനരായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-26 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ-അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 166-ന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219(എ) മുതൽ (എസ്) വരെയുള്ള വകുപ്പുകൾ പ്രകാരം മാലിന്യം നിർമാർജനം ചെയ്യുന്നതിൽ പഞ്ചായത്തിന്റെയും മാലിന്യ ഉൽപ്പാദകരുടെയും ചുമതലകൾ നിർവചിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്ക്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്ക്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം" എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്ക്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്.

1. ഹരിത കർമസേന പ്രവർത്തനങ്ങൾ-അടിസ്ഥാന വിവരങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.08.2020-ലെ ജി.ഒ.(ആർ.ടി.)നം.1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്ക്കരണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. മാലിന്യത്തെ വരുമാനം ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുകയും അതോടൊപ്പം അതിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് അടിസ്ഥാന ലക്ഷ്യം.

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി ആകെ ജനസംഖ്യ 15618 ആണ്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 3920 വീടുകളിൽ 3100 വീടുകളിലും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 235 സ്ഥാപനങ്ങളിൽ 175 സ്ഥാപനങ്ങളിലും ഹരിത കർമ്മസേനയുടെ പ്രവർത്തനം ലഭ്യമാക്കിയിട്ടുണ്ട്. 13 വാർഡുകളിലായി 22 അംഗങ്ങൾ ആണ് ഹരിത കർമ്മസേനയിൽ പ്രവർത്തിക്കുന്നത്. ഹരിത കർമ്മസേനാ കൺസോർഷ്യം രൂപീകരിക്കുകയും പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന്റെ ഭാഗമായി സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിനും ഇതിന്റെ ഭാഗമായി വികസിപ്പിച്ച സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം)/ ക്യൂ.ആർ. കോഡ് സമ്പ്രദായം പ്രായോഗികതലത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള നടപടികൾ 93% പൂർത്തീകരിച്ചിട്ടുണ്ട്.

2. **<u>മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത</u>**

ആൾത്താമസമുള്ള എല്ലാ ഭവനങ്ങളിലും, പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഹരിതകർമ്മ സേനയുടെ സേവനം ലഭ്യമാക്കുവാനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും, അതനുസരിച്ച് മാലിന്യ ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. വാർഡുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് അതത് മിനി എം.സി.എഫുകളിലേക്ക് എത്തിക്കുകയും, അവ തരംതിരിച്ച് വാഹനത്തിൽ എം.സി.എഫിൽ എത്തിക്കുകയും ചെയ്യുന്നു. മിനി എം.സി.എഫിൽ നിന്നും എം.സി.എഫിലേക്ക് അജൈവ മാലിന്യങ്ങൾ കൊണ്ടുവരുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം ഇല്ല. കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്തിട്ടുള്ള വാഹനമാണ് ഇതിനായി ഉപയോഗിക്കുന്നത്. എം.സി.എഫ്-ൽ നിന്നും കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനി മാലിന്യം ശേഖരിച്ചു കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്.

3<u>. മാലിന്യ വേർതിരിവ് പാലിക്കൽ</u>

ഉറവിടത്തിൽ സംസ്കരിക്കാൻ കഴിയുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ഉറവിട മാലിന്യ സംസ്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് സൂക്ഷിക്കുന്നതിൽ പൂർണ്ണമായി വിജയിച്ചിട്ടില്ല. ശേഖരിക്കുന്ന ആകെ മാലിന്യത്തിന്റെ 40% വരെ ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നതിന് സാധിക്കുന്നുണ്ട്. പ്ലാസ്റ്റിക്, ചില്ല്, ഇ-വേസ്റ്റ് മുതലായവ പ്രത്യേകമായി തന്നെ ശേഖരിച്ചുവരുന്നു.

4. റീസൈക്ലിംഗ്

പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കുന്നത് വഴി പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നത് സംബന്ധിച്ച് ബോധവത്കരണം നൽകിയിട്ടുണ്ട്. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത പ്രോട്ടോക്കോളുകൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതു പരിപാടികൾക്ക് ഡിസ്പോസിബിൾ ഗ്ലാസ്സ്, പ്ലേറ്റ് എന്നിവ ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ലാൻഡ്ഫില്ലുകളോ ലെഗസി മാലിന്യ നിക്ഷേപങ്ങളോ ഇല്ല.

5. കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

ഹരിതകർമ്മ സേനാംഗങ്ങൾ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് സന്ദർശനം നടത്തുന്ന സമയത്ത് അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഭരണസമിതി നടപടി സ്വീകരിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ഗ്രാമസഭകളിൽ വിശദീകരണവും കുടുംബശ്രീ, പൊതുപരിപാടികൾ എന്നിവ വഴി അറിയിപ്പുകളും നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ മാസവും ഹരിത കർമ്മസേനാ യോഗവും നടത്തുന്നു.

6. തൊഴിൽ സൃഷ്ടിക്കൽ

22 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിലുള്ളത്. മാസത്തിലെ ആദ്യ ദിവസങ്ങളിൽ മാലിന്യ ശേഖരണത്തിലും, ശേഷിക്കുന്ന ദിനങ്ങൾ മാലിന്യം തരംതിരിക്കുന്ന ജോലിയിലും അംഗങ്ങൾ ഏർപ്പെടുന്നു. ഹരിത കർമസേനയുടെ പ്രവർത്തനത്തിനും സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കുന്നതിനുമായി ഹരിത കർമസേനാ കൺസോർഷ്യം നിലവിലുണ്ട്. ഹരിത കർമ്മസേനയുടെ അക്കൗണ്ട് കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിലാണ്. വീടുകളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കുന്നതിന് പ്രതിമാസം 50 രൂപയും, കടകൾ/ സ്ഥാപനങ്ങളിൽനിന്നും 100 രൂപ നിരക്കിലും ഫീസ് ഈടാക്കുന്നു. ഇപ്രകാരം പിരിഞ്ഞുകിട്ടുന്ന തുകയിൽനിന്നും ഹരിത കർമ്മസേന അംഗങ്ങൾക്ക് ഓണറേറിയം നൽകുന്നു. 2023-24 സാമ്പത്തിക വർഷം 12,85,610 രൂപ യൂസർഫീ ഇനത്തിൽ വരുമാനം ലഭിച്ചിട്ടുണ്ട്. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ലഭിച്ചിട്ടില്ല. യൂസർ ഫീ ആയി ലഭിക്കുന്ന തുകയിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക കർമ്മ സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. ഇത്തരത്തിൽ പ്രതിമാസം 5000-16000 രൂപ വരെ ഇവർക്ക് വരുമാനം

ലഭിക്കുന്നുണ്ട്. അംഗങ്ങളുടെ വരുമാന വർദ്ധനവിനും ജീവിത നിലവാരം ഉയരുന്നതിനും ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ സഹായകരമായിട്ടുണ്ട്.

7. അടിസ്ഥാന സൗകര്യ വികസനം

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായുള്ള സ്ഥിരം എം.സി.എഫ്. സംവിധാനം ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്നാണ് സ്ഥാപിച്ചിട്ടുള്ളത്. 13 വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. മിനി എം.സി.എഫിൽ നിന്നും എം.സി.എഫുകളിലേക്ക് അജൈവ മാലിന്യങ്ങൾ കൊണ്ടുവരുന്നതിന് വേണ്ടി കരാറടിസ്ഥാനത്തിൽ വാടക വാഹനം ഉപയോഗിക്കുന്നു. എം.സി.എഫ്-ൽ നിന്നും കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനി മാലിന്യം ശേഖരിച്ചു കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്. നിലവിലുള്ള എം.സി.എഫിൽ മഴക്കാലത്ത് വെള്ളം കയറുന്നതിന് സാധ്യത നിലനിൽക്കുന്നതിനാൽ പുതിയ എം.സി.എഫ്. നിർമ്മിക്കുന്നതിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ഹരിത കർമ്മസേനയ്ക്ക് ഓഫീസ് സൗകര്യം നിലവിലില്ല.

8. പാരിസ്ഥിതിക ആഘാതം

അനധികൃതമായി മാലിന്യം തള്ളുന്ന സംഭവങ്ങൾ, നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം തടയൽ, പൊതു നിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ എന്നിവയുമായി ബന്ധപെട്ട് ഹരിത കർമ്മസേന/തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നിവയ്ക്ക് ലഭിച്ച പരാതികളിന്മേൽ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃതമായി മാലിന്യം തള്ളുന്നത് തടയുന്നതിനുള്ള മുൻകരുതൽ നടപടിയായി മുന്നറിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. നിരോധിത പ്ലാസ്റ്റിക് ഉൽപ്പനങ്ങളുടെ വിൽപ്പന തടയുന്നതിനായി പഞ്ചായത്തിന്റെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ എൻഫോഴ്സ്മെന്റ് സ്കാഡ് പരിശോധനകൾ നടത്തി വരുന്നു. അനധികൃതമായി മാലിന്യം തള്ളുന്നത് കണ്ടെത്തി 1,08,000 രൂപയും നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പിടിച്ചെടുത്ത് 75,000 രൂപയും പിഴ ഈടാക്കിയിട്ടുണ്ട്.

9. പരിശീലനവും വികസനവും

ഹരിത കർമ്മസേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നീ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് സ്മാർട്ട് ഗാർബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് കെൽട്രോണും, ഹരിത കർമ്മസേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി

ക്ലീൻ കേരള കമ്പനി മുഖേനയും ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ 2 ഹരിത കർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനവും നൽകിയിട്ടുണ്ട്.

10. നിയമങ്ങൾ പാലിക്കൽ

മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിച്ചാണ് പഞ്ചായത്തിലെ ഹരിത കർമ്മസേന പ്രവർത്തിക്കുന്നത്. ഹരിത കർമ്മസേനാംഗങ്ങളുടെ മീറ്റിംഗുകൾ വിളിച്ച് അവരുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ഗ്രാമസഭകളിൽ വിശദീകരണവും കുടുംബശ്രീ, പൊതുപരിപാടികൾ എന്നിവ വഴി അറിയിപ്പുകളും നൽകിയിട്ടുണ്ട്. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത പ്രോട്ടോക്കോളുകൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഗ്രാമസഭകളിലും ഹരിത ചട്ടം പാലിക്കുന്നതുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ നോട്ടീസ് അച്ചടിച്ച് ഹരിത കർമ്മസേന വഴി എല്ലാ വീടുകളിലും വിതരണം ചെയ്തിട്ടുണ്ട്. ഇതിന് പുറമേ ഹരിത കർമ്മസേനാംഗങ്ങൾ ഓരോ വീടുകളിലുമെത്തി ആവശ്യമായ ബോധവൽക്കരണ സന്ദേശങ്ങൾ നൽകി വരുന്നു.

11. ഹരിത കർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിത കർമ്മസേനാംഗങ്ങളുടെ മീറ്റിംഗുകൾ വിളിച്ച് അവരുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മാലിന്യം തരംതിരിക്കുന്ന വേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഇതുമൂലം നിരവധി കുടുംബങ്ങൾക്ക് സ്ഥിര വരുമാനം ഉണ്ടാക്കാനായിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരുപരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം

ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കാൻ ഹരിത കർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) / റിസോഴ്സ് റിക്കവറി ഫെസിലിറ്റി(RRF)</u>

<u>1. അടിസ്ഥാന വിവരങ്ങൾ</u>

ഗ്രാമപഞ്ചായത്തിൽ 1 എം.സി.എഫ്. നിലവിലുണ്ട്. 13 വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്നാണ് എം.സി.എഫ് സ്ഥാപിച്ചിട്ടുള്ളത്. മഴക്കാലത്ത് വെള്ളം കയറുന്നതിനുള്ള സാധ്യത നിലനിൽക്കുന്നതിനാൽ, മറ്റൊരു സ്ഥലത്ത് പുതിയ എം.സി.എഫ്. നിർമ്മിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. എം.സി.എഫിലേക്ക് വഴി സൗകര്യം ഉണ്ട്. ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ്, ബെയിലിംഗ് യൂണിറ്റ്. ഷ്രെഡിംഗ് യൂണിറ്റ് ഇവയൊന്നും സ്ഥാപിച്ചിട്ടില്ല. മാലിന്യം തരം തിരിച്ച് സൂക്ഷിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യം എം.സി.എഫിൽ ലഭ്യമാണ്. താൽക്കാലിക വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

<u>2. മാലിന്യ കൈമാറ്റ കാര്യക്ഷമത</u>

വീടുകളിൽ നിന്ന് ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ഹരിതകർമ്മ സേനാംഗങ്ങൾ മിനി എം.സി.എഫ്-ൽ സൂക്ഷിക്കുകയും അവ സമയബന്ധിതമായും കാര്യക്ഷമമായും എം.സി.എഫ്-ലേക്ക് മാറ്റുകയും തരം തിരിച്ച് സൂക്ഷിക്കുകയും ചെയ്യുന്നു. എം.സി.എഫ്.-ൽ നിന്നും ക്ലീൻ കേരള കമ്പനി മാലിന്യം ശേഖരിച്ചു കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്.

<u>3. മാലിന്യ സംഭരണ ശേഷി</u>

അജൈവ മാലിന്യം സംഭരിക്കുവാനും ശാസ്ത്രീയമായി തരംതിരിക്കുവാനും ലക്ഷ്യമിട്ടാണ് തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ എം.സി.എഫ്. പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള എം.സി.എഫ് മിതമായ സൗകര്യങ്ങളോട് കൂടിയാണ് നിലവിൽ പ്രവർത്തിക്കുന്നത്. വസ്ത്രം മാറുന്നതിനുള്ള സൗകര്യം, ആരോഗ്യ പരിപാലന സൗകര്യം എന്നിവയൊന്നും ഇവിടെയില്ല. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ പൂർണ്ണമായി സൂക്ഷിക്കുന്നതിനും സൗകര്യപ്രദമായി തരംതിരിക്കുന്നതിനും ഉള്ള സൗകര്യം നിലവിൽ എം.സി.എഫി-ൽ ലഭ്യമാണെന്ന് അധികൃതർ അറിയിച്ചു.

<u>4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

പാഴ് വസ്തു സംഭരണകേന്ദ്രങ്ങളിൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടം ഒഴിവാക്കുന്നതിന് പഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുസരിച്ച് അഗ്നി സുരക്ഷാ ഉപകരങ്ങൾ എം.സി.എഫിൽ ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യം തരം തിരിക്കുന്ന തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF-കളിൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളുകളും സുരക്ഷാ നടപടികളും കർശനമായി പാലിക്കേണ്ടതാണ്.

5. ശുചിത്വ മാനദണ്ഡങ്ങൾ

മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിച്ചാണ് പഞ്ചായത്തിലെ ഹരിത കർമ്മസേന പ്രവർത്തിക്കുന്നത്. മാലിന്യം തരംതിരിക്കുന്ന വേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിട്ടുണ്ട്.

6. മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നതിലെ കാര്യക്ഷമത

സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും, ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് സേനാംഗങ്ങൾ ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നുണ്ട്. 2023-24 സാമ്പത്തിക വർഷം ലെഗസി വേസ്റ്റ് മാറ്റിയതിന് 1,33,000 രൂപ ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ തരംതിരിച്ച മാലിന്യം ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 20,404 രൂപയും ലഭിച്ചിട്ടുണ്ട്.

ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ശുപാർശകൾ

1. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് പദ്ധതി പൂർണ്ണമായി നടപ്പിലാക്കി, യൂസർ ഫീ കളക്ഷൻ, മാലിന്യ കൈമാറ്റ
പ്രക്രിയകൾ എന്നിവ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനാവിഷ്ക്കരിച്ച പദ്ധതി പൂർത്തീകരിക്കുവാൻ
അടിയന്തിര ശ്രമങ്ങൾ നടത്തേണ്ടതാണ്.

2. പ്രവർത്തന കലണ്ടർ അനുസരിച്ച് മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കുന്നതിലൂടെ, ഗാർഹിക-വാണിജ്യ
സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.

3. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C)
അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

4. ഹരിത കർമ്മസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ
സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.

5. വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവയിൽ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ്മ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

6. ഹരിത കർമ്മസേനാംഗങ്ങളുടെ തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ
സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.

7. ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസ്സമ്മതിക്കുന്നവർക്കെതിരെ
നിയമാനുസൃതമുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.

8. ഹരിത കർമ്മസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന
പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

9. ആരാധനാലയങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവ കൂടി ഹരിത കർമ്മസേനയുടെ പരിധിയിൽ കൊണ്ടുവരേണ്ടതും
മതിയായ യൂസർ ഫീ ഈടാക്കേണ്ടതുമാണ്.

1-27 SSK പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2023-24 സാമ്പത്തികവർഷം SSK പദ്ധതിക്കായി ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് തുക നൽകുന്നതിന് വികസന ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ/പേര്	നൽകിയ തുക	ബിൽനമ്പർ/തീയതി
20/24, SSK വിഹിതം നൽകൽ	100000	2305095201180020З719/ 16.06.23

വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(12/24DTD 23.08.244) വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല എന്ന് മറുപടി നൽകി. വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-28 മരുന്നുകൾ ലഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കഴിഞ്ഞ 3 വർഷങ്ങളിൽ നൽകിയ തുകയിൽ 350272 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

വർഷം	ഫണ്ടിനം	നൽകിയ തുക	അവശേഷിക്കുന്ന തുക
2021-22	ഹെൽത്ത് ഗ്രാന്റ്	21189 24996	5631 8438
2022-23	വികസന ഫണ്ട്	200000	32279
2022-23	പാലിയേറ്റീവ്	100000	13272

2022-23	പാലിയേറ്റീവ്	89500	13431
2023-24	വികസനഫണ്ട്	200000	197328
2023-24	പാലിയേറ്റീവ്	135530	79893
ആകെ			350272

മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-29 ലൈബ്രറി സെസ്സ് തുക ഒടുക്കാൻ അവശേഷിക്കുന്നു

2023-24 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത 312698 രൂപ ലൈബ്രറി കൗൺസിലിൽ ഒടുക്കാനുള്ളതായി കാണുന്നു. ഇതിൽ 62143 രൂപ 2024 മാർച്ചിനു ശേഷം ഒടുക്കിയിട്ടുണ്ട്. ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുകയുടെ ആദ്യ ഗഡു ഏപ്രിൽ 30-നകവും, രണ്ടാം ഗഡു നവംബർ 30-നകവും ലൈബ്രറി കൗൺസിലിൽ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും, ഈ കാലയളവിലെ പലിശ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതുമാണെന്ന് 20.09.05-ലെ 10088/എൽ.3/05/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ കുടിശ്ശിക തുക ലൈബ്രറി കൗൺസിലിൽ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	146799	അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി, 01/24	146799	0
	300000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 02/24	300000	0
	105800	ക്ഷീരകർഷകർക്ക് പാലിനെ സബ്സിഡി, 09/24	105800	0

	169235	നെൽകൃഷി വികസനം, 13/24	169235	0
	175360	സ്വാന്തന പരിചരണം, 71/24	175360	0
	250000	ദുരന്ത നിവാരണം – പഞ്ചായത്തിലേക്ക് വള്ളവും അനുബന്ധ സുരക്ഷാ ഉപകരണങ്ങളും വാങ്ങൽ, 102/24	250000	0
ബ്ലോക്ക് പഞ്ചായത്ത്	125000	അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി, 01/24	125000	0
	100000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 02/24	100000	0
	191428	നെൽകൃഷി വികസനം, 13/24	191428	0
	520000	ലൈഫ് ഭവന പദ്ധതി ജനറൽ, 27/24	520000	0
	100000	നിർമല ഗ്രാമം നിർമല നഗരം നിർമല ജില്ല ബയോ ബിൻ വിതരണം, 99/24	100000	0

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പദ്ധതിയുടെ വിവരം	മുൻകൂർ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള	റിമാർക്ക്സ്

				തുക	
KSEBL	വിവിധ വാർഡുകളിലെ ഇലക്ട്രിക്കൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും, 55/24	471592	0	471592	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
GWD	അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ, 94/24	431610	0	431610	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്കായി ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-4 വായ്പ/വായ്പാ തിരിച്ചടവ്

വായ്പയുടെ ഉദ്ദേശം	വായ്പാ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കി ഉണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
ലൈഫ്	3,00,000	0	0	0	3,00,000

ലൈഫ് ഭവന പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷമാണ് വായ്പ ലഭ്യമായത്. എന്നാൽ 2021-21 മുതൽ 2022-23 വരെ സാമ്പത്തിക വർഷങ്ങളിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി) സ്രോതസ്സിൽ നിന്ന് ആകെ 7,74,676 രൂപ തെറ്റായി കുറവ് ചെയ്തിട്ടുണ്ട്. ഇത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ഈടാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര്	രസീത് നം.
2020-21	1-15	7702	ശ്രീമതി സബിത വി.എസ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ	1230200620/20.06.2023
2020-21	3-3	41797	ശ്രീമതി സബിത വി.എസ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ	1230200619/20.06.2023
വിവരം ലഭ്യമല്ല		1000	ജെ. ചാണ്ടി	1230200204/04.05.2023
2013-14	3-4	2223	ശ്രീമതി അനിതകുമാരി എം.റ്റി. അസിസ്റ്റന്റ് എഞ്ചിനീയർ	1230200164/28.04.2023

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2011-12	ലഘു അവേലാകനം	2012-13	3.4.5	തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച്	തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ സംവിധാനത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ പ്രവർത്തനക്ഷമതാ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരുന്നത് തദ്ദേശഭരണസ്ഥാപനം പരിഹരിച്ചിട്ടുണ്ട്.
2014-15	2-1, 2-2, 2-3	2016-17		വസ്തുനികുതി അപാകതകൾ	പരാമർശം നിലനിൽക്കുന്നു.
2015-16	2-2	2016-17		തൊഴിൽ നികുതി അപാകതകൾ	പരാമർശം നിലനിൽക്കുന്നു.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

	ഇറസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം	ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം
ഓഡിറ്റ് വർഷത്തെ ആകെ വരവ്	35,579,468	76,101,398
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	24,630,244	78,092,155
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല	
ചെലവിനങ്ങളിലുള്ള നഷ്ടം	ഇല്ല	
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല	

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

വർഷം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	അവശേഷിക്കുന്ന ഖണ്ഡികകൾ
2007-08 മുതൽ 2010-11 വരെ	എൽ.എഫ്.പിറ്റിഎ-പി8.943/2012 തീയതി 16.12.2011/10.05.2013	5 (3-3,3-11, 3-12, 3-14, 3-16)
2011-12 2012-13	എൽഎഫ്.പിറ്റിഎ-പി8.684/2014 തീയതി19.11.2014/12.01.2015	2 (3-11, 3-10)
2013-14	എൽ.എഫ്.പിറ്റിഎ-പി8.325/2015 തീയതി 17.06.2015/16.07.2015	2 (3-1, 3-4)
2014-15	എൽ.എഫ്.പിറ്റിഎ-പി8.733/2016 തീയതി 08.07.2016	6 (2-1, 2-2, 2-3, 3-1, 3-7, 3-10)
2015-16	കെഎസ്എ.പിറ്റിഎ-പി8.1208/2016 തീയതി 18.11.2016	10 (2-2(എ), 2-2(ബി), 3-1-1, 3-3, 3-4, 3-7, 3-8, 3-10, 3-12, 3-15)
2016-17	കെഎസ്എ.പിറ്റിഎ-പി8.975/2017 തീയതി 30.08.2017	2 (3-9, 4-2)
2017-18	കെഎസ്എ.പിറ്റിഎ-പി8.84/2019 തീയതി 08.02.2019	1 (4-2)
2018-19	കെഎസ്എ.പിറ്റിഎ-പി8.1007/2019 തീയതി 13.12.2019	4 (1-16, 1-17, 1-25, 4-2)
2019-20	കെഎസ്എ.പിറ്റിഎ.പി8- 418/2021 തീയതി 29.06.2021	5 (1-17, 1-18, 1-25, 1-26, 1-27)

2020-21	കെഎസ്എ.പിറ്റിഎ.പി8- 429/2022 തീയതി 18.05.2022	4 (1-17, 1-25, 1-26, 1-27)
2021-22	കെഎസ്എ.പിറ്റിഎ.പി8- 1302/2022 തീയതി 27.04.2023	9(1-15,1-22,1-23,1-24,1-25, 1-26,1-27,1-29,4-2)
2022-23	കെഎസ്എ.പിറ്റിഎ.പി8- 907/2023 തീയതി 19.09.2023	9(1-13, 1-14, 1-16, 1-17, 1-21, 1-28, 1-29, 1-30, 4-2)

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ആഡിറ്റ് കാര്യലയം
പത്തനംതിട്ട

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 03-07-2024 and submitted on 05-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the THOTTAPPUZHASSERY Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial

Statements give a true and fair view of financial result for the year 2023-2024 and Financial position of THOTTAPPUZHASSERY Grama Panchayat as on 31-03-2024

Date: 07/10/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of THOTTAPPUZHASSERY Grama Panchayat for the Year 2023-2024.

1.Major Observations

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register

2.Other Observations

1.The mandatory financial statements such as notes to accounts and ratios prescribed in accounting rules are not submitted for audit

2. Net decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Lapses in making timely and accurate demand entries in respect of tax/Non tax revenues
4. Loan amount is included in secured loan account

5. advance to KSEB, KWA, PWD are not included in advance register
6. The beneficiary contribution amount is not accurate or reliable.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്